**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3656** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ പറളി,പത്തിരിപ്പാല, കോങ്ങാട് എന്നീ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പാലക്കാട് ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്കുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിനായി ഈ റൂട്ടിൽ പുതിയ ബസ് സർവ്വീസ് ആരംഭിക്കാമോ? | (എ) | കോങ്ങാട് മണ്ഡലത്തിലെ പറളി, പത്തിരിപ്പാല, കോങ്ങാട് എന്നീ പ്രദേശങ്ങൾ വഴി കെ.എസ്.ആർ.ടി.സി പട്ടാമ്പി - പാലക്കാട് സർവ്വീസുകളും കോങ്ങാട് പ്രദേശം വഴി ചെർപ്പുളശ്ശേരി - പാലക്കാട് സർവ്വീസും നടത്തിവരുന്നുണ്ട്. പാലക്കാട് ഡിപ്പോയ്ക്ക് പുറമേ മലപ്പുറം, പെരിന്തൽമണ്ണ, ഗുരുവായൂർ, പൊന്നാനി, കോഴിക്കോട് ഡിപ്പോകളിൽ നിന്നും കോങ്ങാട് മണ്ഡലത്തിലെ പ്രധാന പ്രദേശങ്ങളിൽ കൂടി ജില്ലാ ആശുപത്രിയുമായി ബന്ധപ്പെടുത്തി സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ നിന്നും ജില്ലാ ആശുപത്രിലേയ്ക്കുള്ള റൂട്ടിൽ യാത്രാക്ലേശം കൂടാതെ സർവ്വീസ് കെ.എസ്.ആർ.ടി.സി നടത്തി വരുന്നു. എന്നാൽ പാലക്കാട് -തൃശ്ശൂർ റൂട്ടിലാണ് പുതിയ മെഡിക്കൽകോളേജ് സ്ഥിതി ചെയ്യുന്നത്. തൃശ്ശൂർ - പാലക്കാട് റൂട്ടിൽ കെ.എസ്.ആർ.ടി.സി എല്ലാ സമയത്തും സർവ്വീസുകൾ നടത്തി വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യവും കെ.എസ്.ആർ.ടി.സി.യുടെ വരുമാന ലഭ്യതയും കണക്കിലെടുത്ത് പറളി, പത്തിരിപ്പാല. കോങ്ങോട് എന്നി പ്രദേശങ്ങളിൽ നിന്ന് ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേക്ക് നേരിട്ട് സർവ്വീസ് നടത്തുന്ന കാര്യം കെ.എസ്.ആർ.ടി.സി പരിഗണിക്കുന്നതാണ്. ടി പ്രദേശങ്ങളിൽ നിന്ന് നേരിട്ട് മെഡിക്കൽ കോളേജിലേയ്ക്ക് സർവ്വീസുകൾ യാത്രക്കാരുടെ ആവശ്യകതയും വരുമാന ലഭ്യതയും ഉറപ്പ് വരുത്തി ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി പരിശോധിക്കുന്നതാണ്. പാലക്കാട് ടൗണിൽ ആകെയുള്ള 4 ബസ് സ്റ്റാന്റുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായും, മുൻസിപ്പൽ സ്റ്റാന്റ് ഉപയോഗ യോഗ്യമല്ലാത്തതിനാലും പൂർണ്ണമായി അടച്ചിരിക്കുകയാണ്. ജനങ്ങളുടെ യാത്രാ |

| | | | |
|---|---|---|---|
| | | | സൗകര്യവും, ടൗണിലെ തിരക്കും പരിഗണിച്ച് നടപ്പിലാക്കിയ നിലവിലെ ട്രാഫിക് ക്രമീകരണമനുസരിച്ച്, പറളി, പത്തിരിപ്പാല ഭാഗത്തു നിന്നും വരുന്ന ബസ്സുകൾ ടൗൺ സ്റ്റാന്റിലേക്കും, കോങ്ങാട് ഭാഗത്തു നിന്നും വരുന്ന ബസ്സുകൾ സ്റ്റേഡിയം സ്റ്റാന്റിലേക്കുമാണ് വരുന്നത്. മേൽ പറഞ്ഞ റൂട്ടിൽ സർവ്വീസ് നടത്താൻ ആഗ്രഹിക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മീറ്റിംഗിൽ നിയമനുസരണം പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്. പാലക്കാട് ടൗണിൽ ആകെയുള്ള 4 ബസ് സ്റ്റാന്റുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നിർമ്മാണ പ്രവർത്തനങ്ങൾ ക്കായും, മുൻസിപ്പൽ സ്റ്റാന്റ് ഉപയോഗ യോഗ്യമല്ലാത്തതിനാലും പൂർണ്ണമായി അടച്ചിരിക്കുകയാണ്. ജനങ്ങളുടെ യാത്രാ സൗകര്യവും, ടൗണിലെ തിരക്കും പരിഗണിച്ച് നടപ്പിലാക്കിയ നിലവിലെ ട്രാഫിക് ക്രമീകരണമനുസരിച്ച്, പറളി, പത്തിരിപ്പാല ഭാഗത്തു നിന്നും വരുന്ന ബസ്സുകൾ ടൗൺ സ്റ്റാന്റിലേക്കും, കോങ്ങാട് ഭാഗത്തു നിന്നും വരുന്ന ബസ്സുകൾ സ്റ്റേഡിയം സ്റ്റാന്റിലേക്കുമാണ് വരുന്നത്. മേൽ പറഞ്ഞ റൂട്ടിൽ സർവ്വീസ് നടത്താൻ ആഗ്രഹിക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷ കൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മീറ്റിംഗിൽ നിയമനു സരണം പരിഗണിച്ച് തീരുമാനമെടുക്കുന് നതാണ്. |

സെക്ഷൻ ഓഫീസർ